**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3575** **14-07-2022 - ൽ മറുപടിയ്ക്ക്**

**പാലോട് കെ.എസ്.ആർ.ടി.സി. മന്ദിരത്തിൽ പ്രവർത്തനം ആരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ 25.2.2020-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട പാലോട് കെ.എസ്.ആർ.ടി.സി. ബഹുനില മന്ദിരത്തിൽ ഇതുവരെയും ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ; | (എ) | 25.2.2022-ലാണ് പാലോട് പുതിയ മന്ദിരം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത് (2020-ൽ അല്ല). ഈ കെട്ടിടത്തിലേയ്ക്ക് Electricity connection-നും, കുടി വെള്ള കണക്ഷനും ലഭ്യമാകാത്തതിനാലാണ് പ്രവർത്തനം ആരംഭിയ്ക്കാത്തത്. |
| (ബി) | ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ എന്തെങ്കിലും കാലതാമസം നിലനിൽക്കുന്നുണ്ടോ; | (ബി) | Electricity Board-ൽ നിന്നും Kerala Water Authority-യിൽ നിന്നും കണക്ഷൻ ലഭ്യമാക്കാൻ ഫീസ് അടയ്ക്കാനുള്ള കത്തുകൾ ലഭിച്ചിട്ടുണ്ട്. തുക അംഗീകരിച്ച് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുതിയ കെട്ടിടത്തിൽ എന്നു മുതൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | Electric കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ലഭ്യമാക്കി അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ